പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 470 06.02.2013 -ലെ മറുപടി

**കെ. എസ്. ആർ. ടി. സി. -യിൽ ലോക്കൽ പർച്ചേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്പെയർ പാർട്സ്, മറ്റ് അത്യാവശ്യ സാമഗ്രികൾ എന്നിവ ലോക്കൽ പർച്ചേസ് നടത്തുന്നതിനായി ഓരോ ഡിപ്പോയ്ക്കും ഒരേസമയം എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; പർച്ചേസ് അനുമതി നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാം ; | (എ) | സ്പെയർ പാർട്സ്, മറ്റ് അത്യാവശ്യ സാമഗ്രികൾ എന്നിവ ലോക്കൽ പർച്ചേസ് നടത്തുന്നതിന് ഡിപ്പോകൾക്ക് പ്രതിമാസം ഒരു ബസ്സിന് 500/- രൂപ അനുവദിച്ചിട്ടുണ്ട്. ഡിപ്പോകളിൽ ലോക്കൽ പർച്ചേസിന് അനുമതി നൽകുന്നതിന് അതാത് യൂണിറ്റ് ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സൗകര്യമുപയോഗിച്ച് എന്തൊക്കെ സ്പെയർ പാർട്സുകളാണ് അധികമായി ഓരോ ഡിപ്പോയിലും വാങ്ങേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ബസ്സുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് അത്യാവശ്യമായി വേണ്ട വില കുറവുള്ള സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ ചീഫ് സ്റ്റോർ മുഖേന ലഭ്യമല്ലായെങ്കിൽ അവ ഡിപ്പോകളിൽ ലോക്കൽ പർച്ചേഴ്സ് വഴി വാങ്ങി ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കുകയാണ് ചെയ്യുന്നത്. |
| (സി) | ടെൻഡർ മുഖേന മാത്രം വാങ്ങുന്ന പ്രധാന സ്പെയർ പാർട്സുകൾ ഏതെല്ലാമാണ് ; ഇവ ഡിപ്പോകളിൽ ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസം വരാറുണ്ടോ ; | (സി) | ടയർ, ട്യൂബ്, ഫ്ളാപ്പ്, പെയിന്റ് ബോഡി ബിൽഡിംഗ് സാമഗ്രികൾ എന്നിവ സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾക്ക് അനുസൃതമായി ടെണ്ടർ മുഖേന വാങ്ങുന്നു. എന്നാൽ വാഹനങ്ങളുടെ യന്ത്രഭാഗങ്ങളായ എഞ്ചിൻ, ഗിയർ ബോക്സ്, ആക്സിൽ തുടങ്ങിയവയുടെ അറ്റകുറ്റപണികൾക്കാവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളിൽപെട്ട സ്ഥാപനങ്ങളുടെ വില താരതമ്യം ചെയ്ത് ഏറ്റവും വിലകുറവുള്ളവരിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്യുന്നത്.<br><br>1. വാഹന നിർമ്മാതാക്കൾ<br>2. വാഹന നിർമ്മാതാക്കൾക്ക് സാധന |

| | | | |
|---|---|---|---|
| | | | ങ്ങൾ നൽകുന്നവരും അതേ സമയം തന്നെ അസ്സോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുമായി നിരക്കുകരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ.<br>3. വാഹന നിർമ്മാതാക്കൾക്ക് സാധനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ ഗുണനിലവാരം ഉറപ്പിക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്. സാമ്പത്തിക പരാധീനതമൂലം യഥാസമയം പണം നൽകാൻ കഴിയാത്തതും, ചില സ്ഥാപനങ്ങൾ യഥാസമയം സ്പെയർ പാർട്സുകൾ നൽകാത്തതുമൂലവും ചില സമയങ്ങളിൽ സ്പെയർ പാർട്സുകൾ ഡിപ്പോകളിൽ ലഭ്യമാക്കുന്നതിൽ കാലതാമസം വരാറുണ്ട്. |
| (ഡി) | 2011-12 -ൽ ഓരോ ഡിപ്പോയും മൊത്തം എന്തു തുകയ്ക്കുള്ള സാമഗ്രികൾ ലോക്കൽ പർച്ചേസ് നടത്തി എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ; | (ഡി) | ഡിപ്പോ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ലോക്കൽ പർച്ചേസ് നടത്തുന്ന സ്പെയർ പാർട്സ് ഒറിജിനലാണോ എന്നും, അതിന് ഗ്യാരന്റി ഉണ്ടോ എന്നും പരിശോധിക്കുന്നതാരാണ്; അത്തരം പരിശോധന നടത്തി ആയത് ഉറപ്പുവരുത്താറുണ്ടോ ; വ്യക്തമാക്കുമോ ? | (ഇ) | ലോക്കൽ പർച്ചേസ് നടത്തുന്ന സ്പെയർ പാർട്സുകൾ ഒറിജിനലാണോ എന്നും അതിന് ഗ്യാരണ്ടി ഉണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നത് അതാത് ഡിപ്പോകളിലെ സാങ്കേതിക വിഭാഗം മേധാവികളാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Name of Unit | Value in Rs. |
|---|---|
| Adoor | 3,35,935.57 |
| Alappuzha | 6,02,644.62 |
| Aluwa | 5,74,566.61 |
| Ankamali | 3,83,759.16 |
| Aryanad | 2,25,013.92 |
| Attingal | 7,21,653.03 |
| Body Building. PPD, CWs | 39,49,782.21 |
| Central Works, PPD | 95,92,822.04 |
| Chadayamangalam | 3,05,673.09 |
| Chalakkudy | 5,77,696.45 |
| Changanassery | 3,28,962.20 |
| Chathannur | 3,01,860.78 |
| Chengannoor | 4,02,786.30 |
| Cherthala | 7,85,031.65 |
| Chittoor | 2,08,014.31 |
| Ernakulam | 7,57,017.08 |
| Erattupettah | 3,52,740.89 |
| Guruvayoor | 3,33,059.43 |
| Harippad | 2,01,243.34 |
| Kalpetta | 2,87,409.04 |
| Kaniyapuram | 3,29,455.55 |
| Kannur | 8,93,721.51 |
| Karunagappally | 5,54,296.66 |
| Kasergode | 6,13,489.24 |
| Kattakada | 4,08,956.37 |

| | | |
|---|---|---|
| Kattappana | - | 1,90,349.08 |
| Kayamkulam | - | 5,18,774.97 |
| Kilimanoor | - | 4,76,105.89 |
| Kollam | - | 7,98,279.66 |
| Kothamangalam | - | 1,78,931.88 |
| Kottarakara | - | 7,53,658.51 |
| Kottayam | - | 9,88,369.33 |
| Kozhikode | - | 5,01,865.76 |
| Kumaly | - | 2,63,574.10 |
| Mala | - | 3,35,577.00 |
| Malapuram | - | 5,64,632.38 |
| Mananthavady | - | 4,86,449.78 |
| Mavelikkara | - | 2,52,883.24 |
| Moovattupuzha | - | 5,34,466.45 |
| Nedumangadu | - | 4,77,696.95 |
| Neyyattinkara | - | 5,17,547.17 |
| North Paravur | - | 3,37,585.52 |
| Pala | - | 5,81,363.63 |
| Palakkad | - | 10,88,154.37 |
| Palode | - | 2,31,446.42 |
| Pappanamcode | - | 6,54,881.07 |
| Parassala | - | 3,45,933.26 |
| Pathanamthitta | - | 8,13,454.69 |
| Pathanapuram | - | 2,56,151.91 |
| Payyannur | - | 5,52,035.50 |
| Perinthalmanna | - | 2,55,744.69 |
| Peroorkada | - | 6,06,018.73 |
| Perumbavoor | - | 1,87,942.88 |
| Ponkunnam | - | 3,53,557.12 |

| | | |
|---|---|---|
| Ponnani | - | 1,76,653.00 |
| Poovar | - | 3,93,250.56 |
| Punalur | - | 6,36,406.88 |
| R.W.S, Aluva | - | 62,48,817.22 |
| R.W.S, Kozhikode | - | 48,98,440.24 |
| R.W.Edappal | - | 60,01,137.97 |
| R.W.Mavelikkara | - | 51,40,516.10 |
| Sulthan Bathery | - | 5,61,660.39 |
| Thalassery | - | 4,42,887.48 |
| Thamarassery | - | 3,81,335.36 |
| Thiruvalla | - | 5,49,655.05 |
| Thodupuzha | - | 6,10,052.25 |
| Thottilpalam | - | 4,28,847.27 |
| Thrissur | - | 10,60,575.27 |
| TVM. City | - | 16,17,402.87 |
| TVM Central | - | 8,09,142.17 |
| Vaikom | - | 3,77,331.60 |
| Vellanad | - | 3,85,006.34 |
| Venjaramoodu | - | 2,02,569.88 |
| Vikas Bhavan | - | 6,12,594.72 |
| Vizhinjam | - | 4,09,543.02 |

സെക്ഷൻ ഓഫീസർ